പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3043

28/01/2014 ൽ മറുപടിയ്ക്ക്

## പുതുക്കാട് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പട്ടയം വിതരണം

| ചോദ്യം | | മറുപടി |
|---|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത് പ്രദേശത്തിലെ 157 ലധികം വരുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | ഉണ്ട്. തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് പരിധിയിൽ വരുന്ന പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ വരന്തരപ്പിള്ളി വില്ലേജിലെ 157 കുടുംബങ്ങൾ ഉൾപ്പെടെയുള്ള മൊത്തം 311 പേർക്ക്, 1993 കേരള ഭൂമി പതിവ് പ്രത്യേക നിയമത്തിനു വിധേയമായി വനഭൂമി പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി റവന്യൂ-വനം വകുപ്പുകളുടെ സംയുക്തപരിശോധന കഴിഞ്ഞ് ലിസ്റ്റ് തയ്യാറാക്കി വനം വകുപ്പ് മുഖാന്തിരം കേന്ദ്രാനുമതി ലഭിക്കുന്നതിലേക്കായി കൈമാറിയിട്ടുള്ളതും കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| ബി) പട്ടയം ലഭ്യമാക്കാത്ത തിനുള്ള കാരണം വിശദമാക്കുമോ?<br>സി) പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;<br>ഡി) തടസ്സങ്ങൾ നീക്കി കുടുംബങ്ങൾക്ക് എന്നത്തേയ്ക്ക് പട്ടയം വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ? | ബി) സി) & ഡി) | കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമെ പട്ടയം അനുവദിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ